പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 3335 18.02.2013- ലെ മറുപടി

**കേസ്സുകളിൽപ്പെട്ട് കഴിയുന്ന പ്രവാസികൾക്ക് നിയമ സഹായം**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. ആർ . സെൽവരാജ് | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) ഗൾഫ് നാട്ടുകളിൽ കേസ്സുകളിൽപ്പെട്ട് കഴിയുന്ന പ്രവാസികൾക്ക് നിയമസഹായം നൽകാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ; | (എ) വിദേശ രാജ്യങ്ങളിൽ വിവിധ കേസുകളിൽപ്പെട്ട് പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന മലയാളികളെ സംബന്ധിക്കുന്ന അന്വേഷണങ്ങൾ കുടുംബാംഗങ്ങളിൽ നിന്നോ മലയാളി സംഘടനകളിൽ നിന്നോ വ്യക്തികളിൽ നിന്നോ മറ്റോ ലഭിക്കുകയാണെങ്കിൽ അതാത് ഇന്ത്യൻ എംബസികളുടെ ശ്രദ്ധയിൽക്കൊണ്ടു വന്ന് പ്രശ്നപരിഹാരത്തിനു വേണ്ടി നടപടികൾ സ്വീകരിച്ചു വരുന്നു. നാളിതുവരെ വളരെയധികം കേസുകളിൽ ഇടപെട്ട് നിരന്തര അന്വേഷണത്തിന്റെ ഫലമായി ഒട്ടനവധിപേരെ ജയിൽ മോചിതരാക്കിയിട്ടുണ്ട്. സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്ന ഏത് കേസിലും ഉടനടി നടപടി സ്വീകരിച്ച് സാധ്യമായ രീതിയിൽ പ്രശ്നപരിഹാരത്തിന് ശ്രമിച്ചുവരുന്നുണ്ട്. ചില സന്ദർഭങ്ങളിൽ എംബസിയുടെ പാനലിൽ നിന്നുള്ള അഡ്വക്കേറ്റുമാരുടെ സേവനം ലഭ്യമാക്കി ജയിൽമോചനം ഉൾപ്പെടെയുള്ള പ്രശ്നപരിഹാരം സാധ്യമാക്കിയിട്ടുണ്ട്. |
| (ബി) ഇവർക്ക് നിയമസഹായം നൽകാൻ ഉപദേശക സമിതി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ;<br><br>(സി) ഈ സമിതിയുടെ പ്രവർത്തനരീതിയും ഉദ്ദേശ്യലക്ഷ്യങ്ങളും എന്തൊക്കെയാണ്;<br><br>(ഡി) ഉപദേശക സമിതിയിൽ പ്രവാസി മലയാളി സംഘടനകളെ കൂടി ഉൾപ്പെടുത്തുമോ ? | (ബി, സി & ഡി) വിദേശങ്ങളിൽ തൊഴിൽ സംബന്ധമായ കേസുകളിൽ കുടുങ്ങിയവരെയും മറ്റ് നിയമപ്രശ്നങ്ങൾ നേരിടുന്നവരെയും സഹായിക്കുന്നതിലേയ്ക്കായി പ്രവാസി ലീഗൽ എയ്ഡ് സെൽ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. നോർക്ക വകുപ്പിൽ നിന്നും ആവശ്യമായ വിവരങ്ങൾ ഉൾക്കൊള്ളുന്ന സന്ദേശം ലഭിച്ചുകഴിഞ്ഞാൽ എംബസി തുടർനടപടികൾ സ്വീകരിച്ച് അവരെ മോചിപ്പിച്ച് വരികയാണ് ചെയ്യുന്നത്. ആവശ്യമെങ്കിൽ അധികവിവരങ്ങൾ അവർ ഈ വകുപ്പിൽ നിന്നും വാങ്ങാറുണ്ട്. പ്രസ്തുത പദ്ധതിയിലൂടെ ജയിലിൽ അടയ്ക്കപ്പെട്ടതും മറ്റ് നിയമപ്രശ്നങ്ങൾ നേരിടുന്നതുമായ പ്രവാസികളെ അടിയന്തിര ഘട്ടങ്ങളിൽ സഹായിക്കുന്നതിലേക്കായി എംബസ്സികളിൽ അഡ്വക്കേറ്റുകളെ നിയമസഹായം നൽകുന്നതിലേയ്ക്കായി ചുമതലപ്പെടുത്തുന്നതിനും, നോർക്ക – റൂട്ട്സിന്റെ കോൾ സെന്ററിൽ നിയമോപദേശം ലഭ്യമാക്കത്തക്ക രീതിയിൽ നിയമ വിദഗ്ധരുടെ സഹായം ലഭ്യമാക്കുന്നതിനും ആണ് ഉദ്ദേശിച്ചിരിക്കുന്നത്. കൂടാതെ വിവിധ മലയാളി സംഘടനകൾ , വിദേശത്തുള്ള നോർക്ക – റൂട്ട്സിന്റെ റസിഡന്റ് റെപ്രസന്റേറ്റീവുകൾ , കൺസൾട്ടന്റുകൾ , എന്നിവർ മുഖാന്തിരം സെല്ലിന്റെ പ്രവർത്തനം ഏകോപിപ്പിക്കാനും ആലോചനയുണ്ട്. |

സെക്ഷൻ ഓഫീസർ